# സഭയും മഹോപദ്രവകാലവും

O. M. Samuel B. A., M. Div.

വരുംകാലസംഭവങ്ങൾ തിരുവചനവെളിച്ചത്തിൽ നാം അപഗ്രഥിക്കുമ്പോൾ കർത്താവായ യേശുക്രിസ്തു തന്റെ രാജ്യം സ്ഥാപിക്കുന്നതിനുമുൻപ് മഹോപദ്രവകാലം ഉണ്ടാകും എന്ന് ഗ്രഹിക്കുവാൻ കഴിയും. ഈ ഉപദേശസത്യം ഉൾക്കൊള്ളുന്ന അനേകം വേദഭാഗങ്ങൾ തിരുവചനത്തിലുണ്ട്. പഴയ പുതിയ നിയമങ്ങൾ ഒരുപോലെ ഇതിനു സാക്ഷ്യം നൽകുന്നു (ആവ, 4:29—30; യിരെ. 30:4—11; ദാനി. 7:7—8, 19—27; 9:27; 11:36—45; 12:1, 11—13; മത്താ. 24:15—28; 1 തെസ്സ. 5:1—11; 2 തെസ്സ. 2:1—12; വെളി. 6:17). പ്രവചനപഠിതാക്കളുടെ പ്രധാന പ്രശ്നം സഭയുടെ ഉത്പ്രാപണവും മഹോപദ്രവകാലവും തമ്മിലുള്ള ബന്ധം നിർണ്ണയിക്കുക എന്നുള്ളതാണ്.

ഇതോടുള്ള ബന്ധത്തിൽ നാലുവിധത്തിലുള്ള അഭിപ്രായങ്ങളാണു പണ്ഡിതന്മാർക്കുള്ളത്. ഒന്നാമത്തേത്, പോസ്റ്റ് ട്രിബുലേഷൻ വ്യൂ (Post tribulation view). ഈ അഭിപ്രായപ്രകാരം മഹോപദ്രവകാലത്തിന്റെ പര്യവസാനത്തിൽ കർത്താവ് തന്റെ വിശുദ്ധന്മാർക്കായി വരും എന്നാണ്. അതായത്, മഹോപദ്രവകാലം കൊടികുത്തി വാഴുമ്പോൾ സഭ ഭൂമിയിൽ ഉണ്ടായിരിക്കയും മഹോപദ്രവകാലത്തിൽക്കൂടി കടന്നുപോവുകയും ചെയ്യും.

രണ്ടാമത്തെ അഭിപ്രായം മിഡ്ട്രിബ്യുലേഷൻ റാപ്ചർ (Mid tribulation rapter) ആണ്. ഈ ആശയഗതിയനുസരിച്ച് മഹോപദ്രവകാലത്തിന്റെ മദ്ധ്യത്തിൽ കർത്താവു വന്ന് തന്റെ വിശുദ്ധന്മാരെ തന്നോടുകൂടി ചേർക്കുമെന്നാണ്.

മൂന്നാമത്തെ അഭിപ്രായം പാർഷ്യൽ റാപ്ചർ (Partial rapture) എന്നുള്ളതാണ്. ഈ അഭിപ്രായഗതിയനുസരിച്ച് കർത്താവിനുവേണ്ടി ആകാംക്ഷയോടുകൂടി കാത്തിരിക്കുന്നവർ മഹോപദ്രവകാ

ലത്തിനുമുൻപും ശേഷിക്കുന്നവർ മഹോപദ്രവകാലത്തിലോ അതി ന്റശേഷമോ അവനോടുകൂടെ ചേർക്കപ്പെട്ടംപോലും.

നാലാമത്തെ ആശയഗതിയാണ് പ്രസിദ്ധമായ പ്രീ ട്രിബുലേഷൻ റാപ്ചറർ (Pre-tribulation rapture) എന്നുള്ളതു്. മഹോപദ്രവകാലം ആരംഭിക്കുന്നതിനുമുൻപു് കർത്താവു തന്റെ ജീവരക്തം ചിന്തി വിലയ്ക്കുവാങ്ങിയ സഭയെ ചേർക്കുവാൻ വരുമെന്നും അതു കഴിഞ്ഞു് മഹോപദ്രവകാലം ഉണ്ടാകുമെന്നുമാണ് ഈ അഭിപ്രായഗതി.

ഈ അഭിപ്രായഗതികളിൽ ഏതാണു ശരിയായ വ്യാഖ്യാനം എന്ന ചോദ്യം സംഗതമാണ്. ഒരു വ്യാഖ്യാനരീതി ശരിയാണെന്നു പ്രഖ്യാപിക്കുന്നതിനു കുറഞ്ഞതു് രണ്ടു മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം. ഒന്നാമത്തേതു്, ദൈവനിശ്വാസീയമായ ദൈവീക വെളിപ്പാടുകളിൽമാത്രം അധിഷ്ഠിതമാണോ വ്യാഖ്യാനം എന്നു പരിശോധിക്കേണ്ടതുണ്ടു്. രണ്ടാമതു്, ആക്ഷരിക വ്യാഖ്യാനരീതിക്കു് പ്രാധാന്യം നൽകിയിട്ടുള്ള നിഗമനമാണോ എന്നും നോക്കുക.

പ്രവചനവ്യാഖ്യാനത്തോടുള്ള ബന്ധത്തിൽ നാം ഗ്രഹിച്ചിരിക്കേണ്ടുന്ന വേറൊരു സുപ്രധാന കാര്യം പദപ്രയോഗങ്ങളുടെ പ്രത്യേകതകൾ നാം കണക്കിലെടുക്കുക എന്നുള്ളതാണ്. സഭ എന്നു പറഞ്ഞാൽ പുതിയനിയമ സഭ എന്ന അർത്ഥത്തിലല്ലാതെ യിസ്രായേലുമായി ആ പദത്തിനു ബന്ധമൊന്നുമില്ല. സഭ, യിസ്രായേൽ ജാതി ഇവയെ ശരിയായ നിലയിൽ അതാതിന്റെ അർത്ഥത്തിൽത്തന്നെ നാം പരിഗണിക്കേണ്ടതുണ്ടു്.

സഭ മഹോപദ്രവത്തിൽക്കൂടി കടന്നുപോകുമോ എന്ന ചോദ്യത്തിനു് തിരുവചനാടിസ്ഥാനത്തിൽ ഏതു വിശദീകരണം നൽകാൻ കഴിയും? ചോദ്യത്തിനുള്ള ഉത്തരം കണ്ടുപിടിക്കുന്നതിനു സഹായകരമായ ഒന്നുരണ്ടു കാര്യങ്ങൾകൂടി ചിന്തിക്കേണ്ടതുണ്ടു്. മഹോപദ്രവകാലത്തെ, വിശ്വാസികൾക്കു് ഈ ഭൂമിയിൽവെച്ചുണ്ടാകുന്ന കഷ്ടതകളുമായി ബന്ധിപ്പിക്കരുതു്. ഈ ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു് എന്നു കർത്താവുതന്നെ പറഞ്ഞിട്ടുണ്ടു്. എന്നാൽ ഈ കഷ്ടം മഹോപദ്രവകാലത്തിലെ കഷ്ടമല്ല.

ഗ്രീക്ക പുതിയനിയമത്തിൽ ആ വാക്കുകളാണ് ഇതോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നതു്. Thlipsis, orge എന്നിവയാണു് ഈ വാക്കുകൾ. സാധാരണ thlipsis എന്നതിനു കഷ്ടത, പ്രയാ

സം, പീഡ എന്നീ വാക്കുകളാണ് ഭാഷാന്തരത്തിൽ ഉപയോഗിച്ചിരിക്കുന്നതു് (Suffering, affliction). എന്നാൽ orge എന്നതിന് കോപം (wrath), ന്യായവിധി എന്നീ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നതു് (Mt. 13:21, cf Mt. 3:7).

ക്രിസ്തീയജീവിതത്തിലെ പരിശോധനകളും, ശിക്ഷാക്രമങ്ങളും ദൈവത്തിൻെറ കോപത്തിൽ നിന്നല്ല, സ്നേഹത്തിൽനിന്നാണുണ്ടാകുന്നതു്. ദൈവത്തിൻെറ നൈതീക ശിക്ഷാക്രമവും വിശ്വാസിയും തമ്മിൽ ബന്ധമില്ല. നമ്മുടെ ശിക്ഷാവിധി ഒരിക്കൽ കഴിഞ്ഞതാണ്. ക്രിസ്തീയജീവിതത്തിൽ വളരെ ഫലം കായിക്കുന്നതിനുള്ള ശിക്ഷാക്രമങ്ങൾ ഉണ്ടാകാം. എന്നാൽ ആ കഷ്ടതയെ മഹോപദ്രവകാലവുമായി ബന്ധിപ്പിക്കുന്നതു ശരിയല്ല. ദൈവം നമ്മെ കോപത്തിന്നല്ല രക്ഷയെ പ്രാപിപ്പാനത്രേ നിയമിച്ചിരിക്കുന്നതു് (1 തെസ്സ. 5:9).

മഹോപദ്രവകാലത്തിൻെറ സ്വഭാവവും ഉദ്ദേശ്യവും ശരിയായി അപഗ്രഥിച്ചു നോക്കിയാൽ സഭ മഹോപദ്രവകാലത്തിൽക്കൂടി കടന്നുപോകുകയില്ല എന്ന നിഗമനത്തിൽ എത്തിച്ചേരാം. മുഖ്യമായും രണ്ടുദ്ദേശ്യങ്ങളാണ് മഹോപദ്രവത്തിന്നുള്ളതു്. കഴിഞ്ഞ കാലങ്ങളിൽ പാപത്തിൻെറ തൽക്കാലഭോഗങ്ങളിൽ രസിച്ചുകൊണ്ടിരുന്ന ജാതികളെ ന്യായം വിധിയ്ക്കുക; തങ്ങളുടെ മശിഹായെ സ്വീകരിക്കുവാൻതക്കവണ്ണമുള്ള വിശാല മനസ്സുള്ളവരായി യിസ്രായേലിനെ രൂപപ്പെടുത്തുക ഇവയാണ് മഹോപദ്രവത്തിൻെറ ഉദ്ദേശ്യങ്ങൾ.

ഈ ലക്ഷ്യപ്രാപ്തിക്ക് സഭയുടെ സാന്നിദ്ധ്യം ആവശ്യമുള്ള ഒന്നല്ലല്ലൊ? വിശ്വാസികളുടെ ശിക്ഷാവിധി ഒരിക്കലായി കാൽവറിയിൽ സംഭവിച്ചുകഴിഞ്ഞതുകൊണ്ടു് വീണ്ടും ഒരു ശിക്ഷാക്രമത്തെ അഭിമുഖീകരിക്കുക എന്നുള്ളതു് സയുക്തികമായ ഒന്നല്ല.

ഇതഃപര്യന്തമുള്ള ദൈവീക കാര്യപരിപാടിയിൽ യിസ്രായേലിന് ഒരു പ്രധാനപങ്കുണ്ടു്. മഹോപദ്രവകാലം യിസ്രായേലുമായി ദൈവം നേരിട്ടിടപെടുന്ന ഒരു കാലമാണ്. ദാനിയേൽ പ്രവചനം 9—ാം അദ്ധ്യായത്തിലെ 70 ആഴ്ചവട്ടങ്ങൾ ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. യിസ്രായേൽരാഷ്ട്രത്തിനും പരിശുദ്ധനഗരത്തിനും വേണ്ടിയാണ് 70 ആഴ്ചവട്ടങ്ങൾ; അതായതു് 70 സപ്തവർഷങ്ങൾ നീക്കിവെച്ചിരിക്കുന്നതു്. 69

ആഴ്ചവട്ടങ്ങളും ആക്ഷരികമായി നിറവേറിയതായി നമുക്കു ഗ്രഹിക്കാൻ കഴിയും. യിസ്രായേലിനും വിശുദ്ധനഗരത്തിനും ആയിരുന്നു 69 സപ്തവർഷങ്ങളിലും പ്രാധാന്യം. അതുപോലെ 70—ാം ആഴ്ചവട്ടവും യിസ്രായേൽരാഷ്ട്രത്തിനുവേണ്ടിയുള്ളതാണ്. അതുകൊണ്ട് 70—ാം ആഴ്ചവട്ടമായ 7 വർഷം നീണ്ടുനിൽക്കുന്ന മഹോപദ്രവകാലത്തു സഭ ഭൂമിയിൽ ഉണ്ടായിരിക്കും എന്നു കരുതാൻ ന്യായമില്ല.

മത്തായി സുവിശേഷം 24:20—ൽ മഹോപദ്രവകാലത്തെക്കുറിച്ചുള്ള വിവരണത്തിൽ യഹൂദന്മാരുടെ ശബ്ബത്തിനെക്കുറിച്ച് പറയുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ സമയം യിസ്രായേലുമായി ബന്ധപ്പെട്ടതാണ് എന്നു തെളിയുന്നു. മാത്രമല്ല, വെളി. 7:2—8-ൽ മുദ്രയേൽക്കപ്പെടുന്ന 144000-ത്തെക്കുറിച്ചു വിവരിക്കുന്നു. ഓരോ ഗോത്രത്തിൽനിന്നും 12000 വീതം. ഇതും ഈ കാലഘട്ടം യഹൂദന്മാരോട് ബന്ധപ്പെട്ടിരിക്കുന്നു എന്നു തെളിയുന്നല്ലൊ? വെളി. 7:9—ൽ എല്ലാവംശങ്ങളിലും, ജാതികളിലും, ഭാഷകളിലും നിന്നുള്ള ഒരു വലിയ സംഘത്തെ 144000—ൽ നിന്നും പ്രത്യേകം വേർതിരിക്കുന്നു. ഈ രണ്ടു കൂട്ടരും രക്ഷിക്കപ്പെട്ടവരാണ്. എന്നാൽ കൃപായുഗത്തിൽ രക്ഷിക്കപ്പെട്ടവരെ യഹൂദൻ എന്നും യവനൻ എന്നും അതിർവരമ്പുകൾ വച്ചു വിഭജിക്കുക ഉപദേശനീതിക്കു ചേർന്നതല്ല. ഇന്ന് യഹൂദനായാലും യവനനായാലും രക്ഷിക്കപ്പെടുന്നവർ എല്ലാംതന്നെ ക്രിസ്തുവിൽ ഒന്നായിരിക്കും. ഈ തത്ത്വം ഈ സഭാകാലം മുഴുവനിലും ഒരേരീതിയിൽ ആയിരിക്കും. മഹോപദ്രവകാലത്തു സഭ ഈ ഭൂമിയിൽ ഉണ്ടായിരിക്കയില്ല എന്നുള്ള സത്യത്തെ ഉറപ്പിക്കുന്നവയാണ് ഇവയെല്ലാം.

വെളി. 3:10.

"..........പരീക്ഷിക്കേണ്ടതിനു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും".

സഭ മഹോപദ്രകാലത്തിൽകൂടി കടന്നുപോകും എന്നു വാദിക്കുന്നവരും ഇല്ല എന്നു വാദിക്കുന്നവരും ഈ വേദഭാഗത്തിൽ വിവക്ഷിക്കുന്നതു് മഹോപദ്രവകാലമാണെന്നു സമ്മതിക്കുന്നുണ്ട്. എന്നാൽ ഇതിന്റെ വ്യാഖ്യാനത്തിൽ അവർതമ്മിൽ വിയോജിക്കുന്നു. ഫിലദെൽഫിയയിലെ സഭയോടുള്ള ബന്ധത്തിലാണ് ഇതെഴുതിയിരിക്കുന്നതു്. സഭ മഹോപദ്രവകാലത്തിൽകൂടി കടന്നുപോകയില്ല

എന്നു വാദിക്കുന്നവർ പരീക്ഷാകാലത്തിനുമുൻപ് സഭയെ ഭൂമിയിൽനിന്നു വേർതിരിച്ച് സഭയുടെ ഉത്പ്രാപണത്താൽ കാക്കും എന്നാണ് വ്യാഖ്യാനിക്കുന്നത്. എന്നാൽ സഭ മഹോപദ്രവത്തിൽക്കൂടി കടക്കും എന്നു വാദിക്കുന്നവർ വ്യാഖ്യാനിക്കുന്നത്, സഭയെ പരീക്ഷാകാലത്തെ പരീക്ഷകളും ഉപദ്രവങ്ങളും ഏൽക്കാതെ കാക്കും എന്നാണ്. വളരെ തന്ത്രപരമായ വ്യാഖ്യാനമാണിത്. മഹോപദ്രവകാലത്തെ ഭയങ്കരമായ പീഡനങ്ങളിൽ പങ്കുകൊള്ളാതെ ആ കാലത്തിൽനിന്നും കാക്കും.

ഈ വാദത്തിനനുകൂലമായി യോഹ. 17:15—ാം വാക്യം ഉദ്ധരിക്കുന്നു. ഈ ഭാഗത്ത് ലോകത്തിൽനിന്നും അവരെ എടുക്കാതെതന്നെ ദുഷ്ടന്റെ കൈയിൽനിന്നും കാക്കുവാനായിട്ടാണ് കർത്താവു പ്രാർത്ഥിക്കുന്നത്. ഇതുപോലെതന്നെ മഹോപദ്രവകാലത്തുനിന്നും സഭയെ എടുക്കാതെതന്നെ അതിന്റെ പീഡനങ്ങൾ ഏൽക്കാതെ കാക്കുവാൻ കഴിയും. ഒററനോട്ടത്തിൽ യുക്തിപൂർവ്വകമായ ഒരു വാദമുഖമായി തോന്നാം. എന്നാൽ ഒരു വ്യക്തിയെ ദുഷ്ടന്റെ ആക്രമണങ്ങളിൽ ഭാഗഭാക്കാകാതെ കാക്കുവാൻ കഴിയും. എന്നാൽ ഒരു കാലയളവിനെ സംബന്ധിച്ചിടത്തോളം ഇതെങ്ങനെ അർത്ഥവത്താകും? ഒന്നാമത്തേത്, പ്രവർത്തനപദ്ധതിയാണ്. രണ്ടാമത്തേത്, ഒരു പ്രത്യേക കാലഘട്ടമാണ്.

ഒരു വ്യക്തി ഒന്നുകിൽ ഈ കാലഘട്ടത്തിൽക്കൂടി കടന്നുപോകണം. അതല്ലെങ്കിൽ ഈ സമയവുമായി ബന്ധം ഇല്ലാതിരിക്കണം. മാത്രവുമല്ല, സഭ ഈ കാലഘട്ടത്തിൽക്കൂടി കടക്കുകയും അതിന്റെ പീഡനങ്ങളിൽ പങ്കുകൊള്ളാതിരിക്കുകയും ചെയ്യുക എന്നുള്ളതിനു through, in, during എന്നീ പദങ്ങൾകൊണ്ടു് ആശയം കൂടുതൽ ലളിതമാക്കാമായിരുന്നു. അതുകൊണ്ട് ഈ കാലത്തിൽനിന്നും കാക്കുക എന്നു പറയുമ്പോൾ മഹോപദ്രവകാലത്തിൽക്കൂടി കടക്കുന്നതിനു മുൻപുതന്നെ സഭയുടെ ഉത്പ്രാപണം നടക്കും എന്നാണല്ലൊ വിവക്ഷ.

സഭ മഹോപദ്രവത്തിൽക്കൂടി കടന്നുപോകും എന്നു വാദിക്കുന്നവരുടെ വ്യാഖ്യാനം വാദത്തിനുവേണ്ടി ശരിയാണെന്നു സമ്മതിച്ചാൽപോലും മഹോപദ്രവകാലത്തിലെ വിശുദ്ധന്മാരും ഈ ഉപദ്രവങ്ങളിൽ പങ്കുകൊള്ളാതെ കാക്കപ്പെടും എന്നു സമ്മതിക്കേണ്ടിവരും. എന്നാൽ വെളിപ്പാടുപുസ്തകത്തിൽ പല വേദഭാഗങ്ങളിൽനിന്നും

ഈ വിശുദ്ധന്മാർ പീഡനങ്ങരം അനുഭവിക്കും എന്നുള്ള സത്യം നിസ്തർക്കമായി തെളിയുന്നു. (Rev. 13:7; വെളി. 13:15: 17:6; 18:24).

"നാം വിശ്വസിച്ച സമയത്തേക്കാരം രക്ഷ ഇപ്പോരം നമുക്ക് അധികം അടുത്തിരിക്കുന്നു........". റോമ. 13:11.

"നാമോ പകലിനുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ട സുബോധമായിരിക്ക". 1 തെസ്സ. 5:8.

"നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിൻെറ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട്........". തീത്തോ. 2:13.

"എന്നാൽ സഹോദരന്മാരെ, കർത്താവിൻെറ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ........" യാക്കോ. 5:7.

ഈ വേദഭാഗങ്ങളിൽ തെളിഞ്ഞുകാണുന്ന സത്യം സഭയുടെ പ്രത്യാശയോടുള്ള ബന്ധത്തിൽ വിശ്വാസികരം ആത്മനാഥൻവേണ്ടി കാത്തിരിക്കണമെന്നാണ്. സഭ മഹോപദ്രവകാലത്തിൽകൂടി കടന്നുപോകും എന്നഭിപ്രായമുള്ളവർക്ക് ഈ വേദഭാഗങ്ങരം അത്രവളരെ പ്രതീക്ഷയ്ക്കു വകനൽകുന്നവയല്ലല്ലൊ?

മർമ്മോപദേശമായ സഭയെക്കുറിച്ച് ഏററവും കൂടുതൽ വെളിപ്പാടുകരം ലഭിച്ചിട്ടുള്ള അപ്പോസ്തലനായ പൗലോസിൻെറ ലേഖനങ്ങരം മാത്രം പരിശോധിച്ചാലും ഈ വിഷയത്തെക്കുറിച്ച് ചില വ്യക്തമായ ധാരണകരം ലഭിക്കും.

### 1 തെസ്സ. 4:13—18.

തെസ്സലൊനീക്യവിശ്വാസികരം, മരിച്ചുപോയ തങ്ങളുടെ ബന്ധുമിത്രാദികളെക്കുറിച്ച് ഉത്കണ്ഠാകുലരായിരുന്നു. കർത്താവിൻെറ വരവിൽ എല്ലാവരും എടുക്കപ്പെടും എന്നാണ് പൗലോസ് അവരെ പഠിപ്പിച്ചത്. ദുരുപദേഷ്ടാക്കന്മാരുടെ തെററായ പഠിപ്പിക്കൽകൊണ്ട്, മരിച്ചവർക്ക് ആ സന്ദർഭം നഷ്ടപ്പെട്ടുപോയല്ലൊ എന്ന ചിന്തയാണ് തെസ്സലൊനീക്യർക്കുണ്ടായത്. എന്നാൽ പൗലോസ് അവരുടെ ഉത്കണ്ഠയെ മാററുന്നു. കർത്താവിൻെറ വരവിൽ കർത്താവിൽ മരിച്ചവർക്കു മുൻഗണനയുണ്ടെന്നും അവർ ആദ്യം ഉയിർത്തെഴുന്നേൽക്കുന്നു എന്നുമാണല്ലൊ? ഈ വേദഭാഗം പഠിപ്പി

ഈ വേദഭാഗത്തിൻെറ അടിസ്ഥാനപരമായ വ്യാഖ്യാനത്തിൽ പ്രവചനപഠിതാക്കൾ എല്ലാവരും ഏകാഭിപ്രായക്കാരാണ്. എന്നാൽ സഭ മഹോപദ്രവത്തിൽക്കൂടെ കടന്നുപോകും എന്നു വ്യാഖ്യാനിക്കുന്നവർക്കു തെസ്സലൊനീക്യവിശ്വാസികളുടെ ഉത്കണ്ഠയെക്കുറിച്ച് എന്തു സമാധാനം പറയാൻ സാധിക്കും. തങ്ങൾക്കുമുൻപു മരിച്ചുപോയവർക്കെങ്കിലും ഈ മഹോപദ്രവകാലത്തിൽനിന്നു വിടുതൽ ലഭിച്ചല്ലോ എന്നോർത്ത് അവർ സന്തോഷിക്കയല്ലേ വേണ്ടത്? തെസ്സലൊനീക്യവിശ്വാസികളും സഭ മഹോപദ്രവകാലത്തിൽക്കൂടി കടന്നുപോകുകയില്ല എന്നു ഗ്രഹിച്ചിരുന്നു.

I തെസ്സ. 5:1–11.

കർത്താവിൻെറ നാൾ (The day of the Lord) എന്നതാണ് ഈ ഭാഗത്തെ പ്രധാനപ്പെട്ട വിഷയം. പഴയനിയമത്തിലും പുതിയനിയമത്തിലും ഈ വിഷയത്തെക്കുറിച്ചു വളരെയധികം പരാമർശനം ഉണ്ട്. കർത്താവിൻെറ നാൾ എന്നു പറയുമ്പോൾ 24 മണിക്കൂറുള്ള ഒരു ദിവസത്തെയല്ല ഇവിടെ വിവക്ഷിക്കുന്നത്. ഒരു പ്രത്യേക കാലഘട്ടത്തെയാണു കർത്താവിൻെറ നാളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാപപങ്കിലമായ ലോകത്തെ ന്യായവിധിയുടെ ഉഗ്രതയിൽക്കൂടി കടത്തിവിടുക എന്നുള്ളതാണ് കർത്താവിൻെറ ദിനത്തിൻെറ പ്രത്യേകത.

കർത്താവിൻെറ ദിവസം കള്ളനെപ്പോലെ വരും. അവർ സമാധാനമെന്നും നിർഭയമെന്നും പറഞ്ഞ് ആശ്വസിച്ചിരിക്കുമ്പോൾ ആണു പെട്ടെന്നവെ നാശം സംഭവിക്കുന്നത്. എന്നാൽ വെളിച്ചത്തിൻെറ മക്കളായ വിശ്വാസികൾക്കു നിർഭയരായി കഴിയാം. ദൈവം നമ്മെ കോപത്തിന്നല്ല രക്ഷ പ്രാപിപ്പാനത്രേ നിയമിച്ചിരിക്കുന്നത് (വാക്യം 10). സഭ മഹോപദ്രവത്തിൽക്കൂടി കടന്നുപോകയില്ല എന്നു് എത്ര വ്യക്തമായിട്ടാണു പൗലോസപ്പോസ്തലൻ പറയുന്നത്.

ഈ വേദഭാഗത്തുള്ള സമാധാനം, നിർഭയം എന്നീ വാക്കുകളും ശ്രദ്ധേയമാണ്. കർത്താവിൻെറ നാളിനുമുൻപുള്ള സമയത്തെക്കുറിച്ചാണ് ഈ വാക്കുകളിൽക്കൂടി അപ്പോസ്തലൻ വ്യക്തമാക്കുന്നത്. സഭ മഹോപദ്രവത്തിൽക്കൂടെ കടന്നുപോകയില്ല എന്ന ഉപദേശം ഈ വാക്കുകളോടുള്ള ബന്ധത്തിൽ അർത്ഥവത്താണ്. എന്നാൽ സഭ മഹോപദ്രവത്തിൽക്കൂടി കടന്നുപോകും എന്നു പറയുന്നവർക്ക് എപ്പോഴാണ് സമാധാനവും നിർഭയവുമായിരിക്കാൻ സാധിക്കുന്നത്. കർ

ത്താവിന്റെ നാൾ എന്നു പറയുന്ന ഏഴുവർഷത്തെ കഷ്ടതയുടെ
തീച്ചൂളയിൽക്കൂടി കടക്കുന്നവർ സമാധാനമെന്നും നിർഭയമെന്നും ആ
കാലഘട്ടത്തെ വിശേഷിപ്പിക്കുന്നതു് ഒരുതരം വിരോധാഭാസമാ
യിട്ടേ പരിണമിക്കൂ.

ഈ ഭാഗത്തു് അന്യോന്യം പ്രബോധിപ്പിച്ചു തമ്മിൽ ആത്മിക
വർദ്ധന വരുത്തിയും പോരുവിൻ എന്നു നിർദ്ദേശിക്കുന്നുണ്ടു്. അ
ന്യോന്യം പ്രബോധിപ്പിക്കുക എന്നതിനുപകരം അന്യോന്യം ആ
ശ്വാസിപ്പിക്കുക എന്നാക്കുന്നതായിരിക്കും കൂടുതൽ അനുയോജ്യം.
സഭ മഹോപദ്രവത്തിൽ പങ്കാളികളാകുന്നില്ലെങ്കിൽ ഈ വാക്യം
അനാവശ്യമാണു്. മഹാപീഡനത്തിൽനിന്നും രക്ഷപ്പെടുക എന്നുള്ള
തു് ആശ്വാസം പകർന്നുതരുന്ന ഒരു ചിന്തതന്നെയാണു്. സഭ മഹോ
പദ്രവത്തിൽക്കൂടി കടന്നുപോകും എന്നു പഠിപ്പിക്കുന്നവർ ഈ വാക്യം
എങ്ങനെ വിശദീകരിക്കും. കഷ്ടതയുടെ തീച്ചൂളയിൽക്കൂടെ കട
ന്നുപോകും എന്നുള്ളതു് ആരെയാണു് ആശ്വസിപ്പിക്കുന്നതു്?

## 2 തെസ്സ. 2:1–17.

ആദ്യമായി കർത്താവിന്റെ നാളിനെക്കുറിച്ചുള്ള ഒരു തെററി
ദ്ധാരണ തിരുത്തുന്നു, കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്ന
ല്ല, വന്നുകഴിഞ്ഞിരിക്കുന്നു എന്നുള്ളതാണു് ശരിയായ തർജ്ജമ. കർ
ത്താവിന്റെ നാൾ മററുള്ളവർ പറയുന്നതുപോലെ വന്നുകഴിഞ്ഞിട്ടി
ല്ല എന്നു പൗലോസ് ഉറപ്പിച്ചുപറയുന്നു. കർത്താവിന്റെ നാളിനോ
ടനുബന്ധിച്ചു ചില കാര്യങ്ങൾ സംഭവിക്കേണ്ടതുണ്ടു്. ആദ്യം വി
ശ്വാസത്യാഗവും പിന്നീടു് അധർമ്മമൂർത്തിയുമായവൻ വെളിപ്പെട്ടു
വരണം.

ഇവിടെ വിശ്വാസത്യാഗത്തിനു മൂലഭാഷയിൽ പറഞ്ഞിരിക്കു
ന്ന വാക്കു് apostasia എന്നതാണു്. ഇതിന്റെ അർത്ഥം ദൂരത്തേയ്ക്കു
പോകുക, പുറപ്പെടുക എന്നൊക്കെയാണു് (going away, departure).
കർത്താവിന്റെ നാൾ വരുന്നതിനുമുൻപു് ഈ പുറപ്പാടു് (departure)
ഉണ്ടാകണം. എന്തിൽനിന്നുള്ള യാത്ര അഥവാ പുറപ്പാടാണു് ഉദ്ദേ
ശിക്കുന്നതു്? Dr. Leon Wood-ന്റെ അഭിപ്രായത്തിൽ വിശ്വാസ
ത്തിൽനിന്നുള്ള വ്യതിചലനം യോജിക്കുന്നതല്ല. എന്നാൽ വിശ്വാ
സികളുടെ ഒരു യാത്രപുറപ്പെടൽ ആദ്യം സംഭവിക്കും അതായ
തു് സഭയുടെ ഉത്പ്രാപണമാകുന്ന യാത്ര പുറപ്പെടൽ ആദ്യം സംഭ

വിക്കം. അധർമ്മമൂർത്തിയുടെ വരവിനുമുൻപ് സഭയുടെ ഉത്പ്രാപണം ഉണ്ടാകും.

കർത്താവിന്റെ നാളിനെക്കുറിച്ചു ഞെട്ടിക്കുന്ന ഒരു വാർത്തയായിട്ടാണു വിവരിച്ചിരിക്കുന്നതു്. സഭ മഹോപദ്രവത്തിൽക്കൂടെ കടന്നുപോകും എന്ന ധാരണ വിശ്വാസികൾക്കുണ്ടെങ്കിൽ അതിൽ ഇളകുകയും ഞെട്ടുകയും ചെയ്യേണ്ട ആവശ്യമില്ലല്ലൊ? അതായിരുന്നല്ലൊ അവർ പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ സഭയുടെ ഉത്പ്രാപണംകൂടാതെ കർത്താവിന്റെ നാൾ വന്നുകഴിഞ്ഞു എന്നുള്ളതു് അവരെ ഞെട്ടിയ്ക്കുന്ന വാർത്തയായിരുന്നു. കാരണം, അവരുടെ പ്രതീക്ഷ അതല്ലായിരുന്നല്ലൊ? അതുകൊണ്ടു് അപ്പോസ്തലൻ അവരെ ആശ്വസിപ്പിക്കുന്നു. കർത്താവിന്റെ നാൾ വന്നുകഴിഞ്ഞിട്ടില്ല. അതിനു മുൻപു് മറ്റു ചിലതെല്ലാം സംഭവിച്ചേ മതിയാവൂ.

സഭ മഹോപദ്രവത്തിൽക്കൂടെ കടന്നുപോകും എന്നു വാദിക്കുന്നവരുടെ ഒരു പ്രധാന വേദഭാഗമാണു് ഒലിവുമല പ്രഭാഷണം. പ്രവാചകന്മാരുടെ പ്രവാചകനായ കർത്താവിന്റെ പ്രവചനം ശ്രദ്ധിച്ചു പഠിച്ചാൽ മറ്റുള്ള വേദഭാഗങ്ങൾ പഠിപ്പിക്കുന്നതുപോലെ ഇതും സഭ മഹോപദ്രവത്തിൽക്കൂടെ കടക്കുകയില്ല എന്നു പഠിപ്പിക്കുന്നതായി ഗ്രഹിക്കാൻ വിഷമമില്ല. യെരുശലേം ദൈവാലയത്തിൽ നിന്നു് അവസാനമായി പുറപ്പെട്ടു് ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ ചോദിച്ച ചോദ്യങ്ങൾക്കുത്തരമായി പറയുന്ന ഭാഗമാണു് ഇവിടത്തെ വിഷയം. 24:4—31; 25:31—46 എന്നീ വേദഭാഗങ്ങൾ കർത്താവിന്റെ വരവിനെക്കുറിച്ചും 24:32—25:30 വരെ വരവിനോടുള്ള ബന്ധത്തിൽ നടക്കുന്ന അടയാളങ്ങളുടെ വിവരണവുമാണു് നൽകിയിരിക്കുന്നതു്.

യിസ്രായേലിനോടുള്ള ബന്ധത്തിൽ കർത്താവിന്റെ വരവിനാണു് ഇവിടെ പ്രാധാന്യം. ഇവിടെ സംഗതമായ ഒരു ചോദ്യം ഉന്നയിച്ചു് തെറ്റായ വ്യാഖ്യാനം നൽകുന്നതിനു ചിലർ വ്യഗ്രത കാണിക്കാറുണ്ടു്. ഈ ഭാഗത്തു സഭയുടെ ഉത്പ്രാപണത്തെക്കുറിച്ചു് എന്താണു കർത്താവു് മൗനം ദീക്ഷിച്ചതു്? ഉത്തരം വളരെ ലളിതമാണു്. സഭയെക്കുറിച്ചുള്ള ഉപദേശം ശിഷ്യന്മാർക്കു് അറിഞ്ഞുകൂടായിരുന്നു. സഭയുടെ തേജസ്കരണത്തേക്കാൾ അവരുടെ ചിന്തയിൽ നിറഞ്ഞിരുന്നതു് യിസ്രായേലിനു മഹത്വപൂർണ്ണമായ രാജത്വം പ്രാപിച്ചുകിട്ടുന്നതു് എപ്പോൾ എന്നുള്ളതായിരുന്നു.